## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -232 — 30.11.2015-ലെ മറുപടിക്ക്

### സി -ആപ്റ്റിലെ വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ : | | രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി | |
| (എ) | സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ സജിത് വിജയരാഘവനെതിരെ ആരെല്ലാം നല്കിയ പരാതികളിന്മേലാണ് വിജിലൻസ് അന്വേഷണം നടക്കുന്നതെന്നും പരാതിയുടെ വിശദാംശങ്ങളും കേസ് നമ്പരുകളും വ്യക്തമാക്കാമോ ; | (എ) | സി -ആപ്റ്റ് മാനേജിംഗ് ഡയറക്ടർ ശ്രീ. സജിത് വിജയരാഘവനെതിരെ നടത്തുന്ന/നടത്തിയ അന്വേഷണത്തിൻറ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) & (സി) | അന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.വി.ഇ.03/2014/എസ്.ഐ.യു II അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാർക്കെതിരെ തെളിവ് ലഭിച്ചതിനാൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)22270/2015 നമ്പരായി ഒരു റിട്ട് പെറ്റീഷൻ നിലവിൽ ഉള്ളതിനാൽ ക്യു.വി.18/2015/എസ്.ഐ.യു-I-ൽ തുടർ നടപടികൾ എടുത്തിട്ടില്ല.<br><br>3.ക്യു.വി.11/2015/എസ്.ഐ.യു II-ൻറ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.<br><br>4. ക്യു.വി.14/2015/റ്റി.വി.എം-ൻറ അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം ദ്രുതഗതിയിൽ പൂർത്തിയാക്കാൻ ശ്രമിച്ചുവരുന്നു. |
| (സി) | പ്രസ്തുത അന്വേഷണം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | എ.ജി. (ആഡിറ്റ്) എത്ര തുകയുടെ നഷ്ടം വരുത്തിയെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; വിശദമാക്കാമോ ? | (ഡി) | സി-ആപ്റ്റിൽ ലോട്ടറി ടിക്കറ്റ്, ബാർ കോഡിംഗ്, നമ്പറിംഗ് എന്നിവ ചെയ്യുന്നതിന് അതിവേഗ വേരിയബിൾ ഡാറ്റാ പ്രിൻറർ വാടകയ്ക്കെടുത്തതിലൂടെ പ്രതിമാസം 9.63 ലക്ഷം രൂപയുടെ ലാഭമുണ്ടായെങ്കിൽ ഒരു പുതിയ മെഷീൻ വാങ്ങി പ്രിൻറിംഗ് വർക്ക് ചെയ്തിരുന്നെങ്കിൽ പ്രതിമാസം 29.09 ലക്ഷം രൂപയുടെ ലാഭമുണ്ടായിരുന്നേനെ എന്ന് എ.ജിയുടെ റിപ്പോർട്ട് പരാമർശിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ നഷ്ടം സംഭവിച്ചതായി പറഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

1. ലോട്ടറി ടിക്കറ്റുകൾക്ക് നമ്പറും ബാർ കോഡും രേഖപ്പെടുത്താനുള്ള വേരിയബിൾ ഡാറ്റ പ്രിൻറർ വാടകയ്ക്കെടുത്തതിലും ബാർ കോഡിംഗിന് ചെന്നൈയിലെ അൻസലാ കമ്പനിക്ക് ഉയർന്ന നിരക്കിൽ കരാർ നൽകിയതും മറ്റും സംബന്ധിച്ച സോഴ്സ് റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് അനുമതി നൽകിയതിൻെറ അടിസ്ഥാനത്തിൽ വി.ഇ.03/2014/എസ്.ഐ.യു II നമ്പരിൽ ഒരു വിജിലൻസ് അന്വേഷണം നടന്നുവരവെ, ഇതേ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ദേശീയ ജനജാഗ്രതാ പരിഷത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് 13.07.2015-ൽ നൽകിയ നിവേദനത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവിട്ടു. ഈ പരാതിയും വി.ഇ.03/2014/എസ്.ഐ.യു II-ൽ ചേർത്ത് അന്വേഷിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

2. സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് എതിരായി അദ്ധ്യാപക പുസ്തക അച്ചടി കരാർ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടർ മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡിന് നൽകിയത് സംബന്ധിച്ച് മംഗളം പത്രത്തിൽ 20.07.2015-ൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ക്യു.വി.18/2015/ എസ്.ഐ.യു I നമ്പരായി സത്വരാന്വേഷണം നടത്തുകയുണ്ടായി.

3. 2015-2016-ലെ പ്ലസ് 1, പ്ലസ് 2 പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് പുതിയ ടെണ്ടർ വിളിക്കാതെ 2014-2015-ൽ അച്ചടിച്ച സ്ഥാപനങ്ങൾക്ക് തന്നെ പാഠപുസ്തകങ്ങൾ അച്ചടിക്കാൻ കൊടുത്തതിലെ ക്രമക്കേടുകൾ സംബന്ധിച്ച് സി-ആപ്റ്റ് ജീവനക്കാർ മാനേജിംഗ് ഡയറക്ടർക്ക് എതിരെ നൽകിയ പരാതിയിന്മേൽ ക്യു.വി.11/2015/എസ്.ഐ.യു I നമ്പരായി സത്വരാന്വേഷണം നടത്തുകയുണ്ടായി.

4. ഡിജിറ്റൽ പ്രിൻറർ, ഓഫ് സെറ്റ് പ്രസ് ഇടങ്ങിയവ വാങ്ങിയതിലെ ക്രമക്കേടുകളെക്കുറിച്ചുള്ള സോഴ്സ് റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ക്യു.വി.14/2015/റ്റി.വി.എം നമ്പരിൽ ഒരു സത്വരാന്വേഷണം നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ